ങ്ങിയുള്ള ഉദ്യോഗസ്ഥന്മാരായി അധഃകൃതരെ തന്നെ നിയമിയ്ക്കാതിരിയ്ക്കുന്നതു് എന്തുകൊണ്ടാകുന്നു?

(2) അധഃകൃത കോളനികൾക്കോ അവരുടെ സ്ഥാപനങ്ങൾക്കോ സ്ഥലം എടുക്കുമ്പോൾ അധഃകൃത പ്രതിനിധിയുടെ സമ്മതം കൂടി അറിയാറുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്"?

റാവുസാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരംഗയ്യർ.—(1) അധഃകൃത കോളനികളിൽ ഇപ്പോഴുള്ള മാനെജർമാർ തുടർന്നിയുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചു കാലത്തു ആ വക ഉദ്യോഗങ്ങൾക്കു അധഃകൃതരിൽ നിന്നു അപേക്ഷകന്മാർ ഉണ്ടായിരുന്നില്ല. ഇങ്ങിനെയുള്ള നിയമനങ്ങൾ നടത്തുമ്പോൾ ലഭ്യമായ അധഃകൃതാപേക്ഷകന്മാരുടെ കാര്യത്തിൽ പ്രത്യേക ദൃഷ്ടി പതിയുന്നതാണ്".

(2) ഉണ്ടു്

മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതർക്കു വേണ്ടിയുള്ള കോളനികളും, അതിനു വേണ്ടിയുള്ള സ്ഥലവും, മറ്റും എടുത്തപ്പോൾ അതു അധഃകൃത പ്രതിനിധിയോടു കൂടി ആളുകളെ നിയമിച്ചു നടത്തപ്പെടാറുണ്ടോ എന്നു ചോദിച്ചിട്ടുണ്ടു്. അതിനു ഉണ്ടു" എന്നു മറുപടി പറഞ്ഞു കാണുന്നുണ്ടു്".

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരംഗയ്യർ.—അതേ, ഉണ്ടെന്നു പറഞ്ഞിട്ടുണ്ടു്". അതു മറുപടി തന്നെയാണു്. സാധാരണ പ്രൊട്ടക്ടറാണു് അധഃകൃതരുടെ സംരക്ഷകൻ. അധഃകൃതരുടെ പ്രതിനിധികൾ ഉണ്ടെന്നു അദ്ദേഹം പറയുന്നില്ല. ഇപ്പോൾ അധഃകൃതരുടെ ഇടയിൽ പ്രതിനിധികൾ ഉണ്ടായിട്ടുണ്ടോയെന്നു ആ സംരക്ഷകനോടു ചോദിച്ചിട്ടു വേണ്ടപോലെ ചെയ്യാം.

III—Treatment of Depressed Classes

419, മിസ്റ്റർ കെ പി വള്ളോൻ —അധഃകൃതരെ പല മുഷ്ണന്മാരും അകാരണമായി മർദ്ദിയ്ക്കുന്നതിനു ഹരിജനകം കൊട്ടത്താൽ തന്നെയും പോലീസ് അന്വേഷണത്തിൽ വരുമ്പോൾ തെളിവില്ലായ്കയാൽ ജനിതൽ സംരക്ഷക ഡിപ്പാർട്ടുമെൻറ് സ്ഥലത്തു പോയിസംഭവത്തെ കുറിച്ചു ശരിയായിട്ടന്വേഷിച്ചറിപ്പോർട്ട ചെയ്യുവാൻ എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മിസ്റ്റർ ഐ. എൻ. മേനോൻ —ഈ വിധമുള്ള ഹർജികളെപ്പറ്റി അധഃകൃത ഡിപ്പാർട്ടുമെൻറിൽ നിന്നു വേണ്ട അന്വേഷണം ചെയ്തതിനു ശേഷമാണ് പോലീസുഡിപ്പാർട്ടുമെൻറിലേയ്ക്കു് അയയ്ക്കാറുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടർ കോളനിയിൽ സർവ്വമെണ്ടിൽ നിന്നും അധഃകൃതരല്ലാത്ത ആളുകളെ നിയമിച്ചപ്പോൾ അക്കൂട്ടത്തിൽ അധഃകൃതരിൽ വല്ലവരും അപേക്ഷകന്മാരുണ്ടായിരുന്നോയെന്നന്വേഷിച്ചിട്ടാണോ അധഃകൃതരല്ലാത്ത ആളുകളെ നിയമിച്ചിട്ടുള്ളതു"?

ഡിപ്പുട്ടി പ്രസിഡെണ്ടു്.—സപ്ലിമെൻററി ചോദ്യം ഒന്നുകൂടി പറയണം. (ചോദ്യം വായിച്ചു) ഇതിൽ ആളിനെ നിയമിക്കാനുള്ള ഭാഗമില്ല. അധഃകൃതരെ ഉപദ്രവിച്ചതിനെക്കുറിച്ചു് അ

LIBRARY ARCHIVES Kerala Legislative Assembly

നേഷണം നടത്തീട്ടുണ്ടോ എന്നാണ് ചോദിച്ചു കാണുന്നതു്. അതുകൊണ്ടു് ഇപ്പോൾ ചോദിച്ചതു സപ്ലിമെൻററി ചോദ്യമല്ല.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇതു സപ്ലിമെൻററി Question അല്ലെങ്കിലും അതിനു ഞാൻ ഉത്തരം പറയാം.

സാധാരണയായിട്ടു് ഈ കാളനികളിൽ ആളുകളെ നിയമിയ്ക്കാറുള്ളതു് പ്രൊട്ടക്ടർന്മാരാണു്. അദ്ദേഹം എന്റെ ഡിപ്പാർട്ടുമെണ്ടിൻകീഴിലാണാരിയ്ക്കുന്നതു്. അദ്ദേഹത്തോടു് ഞാൻ ഈ വിവരം ചോദിച്ചുകൊള്ളട്ടെ. ഇക്കാര്യത്തിൽ അദ്ദേഹത്തോടു ചോദിയ്ക്കാതെ ഞാൻ ഒന്നും ചെയ്യുകയില്ല. അദ്ദേഹത്തോടു ചോദിച്ചിട്ടു് അദ്ദേഹം അതിനാകാം വിരോധമില്ല; എന്നു പറഞ്ഞാൽ ഞാനും ഇതിനു പൂർണ്ണമായി സമ്മതിയ്ക്കാം. ഇപ്പോൾ നെട്ടർ കാളനിയിൽ ആരെയാണു് അദ്ദേഹം നിയമിച്ചിട്ടുള്ളതെന്നു് എനിയ്ക്കു നിശ്ചയമില്ല. ഞാൻ തന്നെ ഇക്കാര്യം നേരിട്ടു് ചെയ്യണമെന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശുപാർശ കൂടാതെ ചെയ്യുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly